പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3975

15.03.2017 - ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകളും ത്രിവേണി സൂപ്പർ മാർക്കറ്റുകളും നീതി മെഡിക്കൽ സ്റ്റോറുകളും

ചോദ്യം

ശ്രീ.രാജു എബ്രഹാം

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനും, കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലും ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും സാധനങ്ങളുടെ ലഭ്യത കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൺസ്യൂമർഫെഡിൽ മുൻകാലത്ത് ഉണ്ടായ തെറ്റായ ചില പ്രവണതകളുടെ ഭാഗമായി ത്രിവേണി സൂപ്പർ മാർക്കറ്റുകളിൽ സാധനങ്ങളുടെ ലഭ്യത കുറയുകയും സാധനങ്ങൾ വാങ്ങാൻ വരുന്നവരുടെ എണ്ണം കുറയുകയും ചെയ്യുവെന്നത് വസ്തുതയാണ്. 2016 ജൂലൈ മാസത്തിന് ശേഷം ത്രിവേണികളുടെ വ്യാപാരം കൃത്യമായി വർദ്ധിപ്പിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ മാസങ്ങളിലും ഇ-ടെൻഡർ വഴി ആവശ്യമായ സാധനങ്ങൾ മൊത്തമായി വാങ്ങി ലഭ്യമാക്കുന്നുണ്ട്. ശരാശരി ഒരു ത്രിവേണിയിൽ രണ്ട് ലക്ഷം രൂപ മുതൽ അഞ്ച് ലക്ഷം രൂപ വരെയുള്ള സ്റ്റോക്ക് നിലവിലുണ്ട്. ത്രിവേണി സൂപ്പർ മാർക്കറ്റുകളിൽ ഇത് 15 ലക്ഷം രൂപയോളം വരും. |
| (ബി) | കരിഞ്ചന്ത ലോബികൾ അവശ്യസാധനങ്ങൾക്ക് കൃത്രിമ ക്ഷാമം സൃഷ്ടിച്ച് ഇവയുടെ വില ഉയർത്തുന്ന സാഹചര്യത്തിൽ, ഓപ്പൺ വിപണിയിൽ കൂടുതൽ ഇടപെടാൻ കഴിയും വിധം | (ബി) | അരിയുടെ ക്ഷാമം പരിഹരിയ്ക്കുന്നതിന് കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി രൂപീകരിച്ച കൺസോർഷ്യം ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് ആരംഭിച്ചിട്ടുണ്ട്. ഇതിനകം ബംഗാളിൽ |

| | | | |
|---|---|---|---|
| | കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സറ്റോറുകളിലും ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും കൂടുതലായി ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | | നിന്നും അരി എത്തിച്ച് വിതരണം ചെയ്തു വരുന്നു. ഇത് കൂടാതെ മറ്റ് ഇനങ്ങൾ എല്ലാ നഗരങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും ലഭ്യമാക്കുന്നതിനായി പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലും ത്രിവേണികളിലൂടെയും പരിശ്രമിച്ച് വരുന്നു. |
| (സി) | സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് എല്ലാം തന്നെ നീതി സ്റ്റോറുകൾ അനുവദിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ താലൂക്കാശുപത്രികളുടെയും സമീപം നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിനും 1500 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനകം 700 നീതി സ്റ്റോറുകളും 600 നീതി മെഡിക്കൽ സ്റ്റോറുകളും പ്രവർത്തന സജ്ജമായി കഴിഞ്ഞിട്ടുണ്ട്. താലൂക്ക് ജില്ലാ ആശുപത്രികൾക്ക് സമീപം ഉചിതമായ സ്ഥലം ലഭിക്കുന്ന പക്ഷം നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് കൺസ്യൂമർഫെഡ് പരിഗണിച്ചു വരുന്നു. |

Renji

സെക്ഷൻ ഓഫീസർ